DESPATCHED
On..29.09.22...

സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
തിരുവനന്തപുരം 695 001
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

**ഹർജി നമ്പർ AP No. 1251(3)/2021 *എസ്.ഐ.സി.***

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

(ഫയൽ നം.11476/*എസ്.ഐ.സി-ജി 1/2021*)

സന്നിഹിതൻ

എ. അബ്ദുൽ ഹക്കീം, സംസ്ഥാന വിവരാവകാശ കമ്മീഷണർ

തീയതി : 15.09.2022

ശ്രീ. നസീർഖാൻ,
ആമിനാസ് കന്നുവിള,
കോട്ടുമൂല മൈതാനം,
വർക്കല – 695 141.
} അപ്പീൽ ഹർജിക്കാരൻ

Vs.

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
   സ്പെഷ്യൽ ആംഡ് പോലീസ്,
   തിരുവനന്തപുരം.
2. അപ്പീൽ അധികാരി,
   കമാണ്ടന്റ്,
   സ്പെഷ്യൽ ആംഡ് പോലീസ്,
   തിരുവനന്തപുരം.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ നൽകിയ തീയതി | 02/06/2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 28/06/2021 |
| ഒന്നാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 14/07/2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 26/08/2021 |
| രണ്ടാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 20/09/2021 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 22/09/2021 |

## ഉത്തരവ്

വർക്കല കോട്ടുമൂല മൈതാനം, ആമിനാസ് കുന്നുവിളയിൽ ശ്രീ. നസീർഖാൻ, തിരുവനന്തപുരം പേരൂർക്കട സ്പെഷ്യൽ ആംഡ് പോലീസ് ഓഫീസിലെ എസ്.പി.ഐ.ഒ. യ്ക്ക് നൽകിയ അപേക്ഷയിൽ 2000-2010 കാലത്ത് ഡിവിഷണൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന SAP യിൽ നിയമിച്ച

ഡ്രൈവർ പോലീസ് കോൺസ്റ്റബിൾമാർക്ക് സീനിയോരിറ്റി നിശ്ചയിച്ചത് ഏത് നിയമപ്രകാരമാണ് എന്നും ആയതിന്റെ രേഖാപകർപ്പുമാണ് ആവശ്യപ്പെട്ടിരുന്നത്. ടി അപേക്ഷയ്ക്ക് അവ്യക്തവും തെറ്റിദ്ധാരണാജനകമായ മറുപടിയാണ് എതിർകക്ഷികൾ നൽകിയതെന്നും മറുപടി കത്തുകളിൽ അപ്പീൽ അധികാരിയുടെ അഡ്രസ്, സമയക്രമം എന്നിവ ഒന്നും നൽകിയില്ലെന്നും ആയതിനാൽ ടിയാന്റെ അപേക്ഷയ്ക്ക് മറുപടി നൽകുന്നതിനുള്ള ഉത്തരവ് ഉണ്ടാകണമെന്നുമാണ് ആവശ്യപ്പെട്ടിരിക്കുന്നത്. 13.09.2022 ൽ കമ്മീഷനിൽ നടത്തിയ നേരിട്ടുള്ള ഹിയറിംഗിൽ അപ്പീൽ ഹർജിക്കാരനും എസ്.എ.പി ഡെപ്യൂട്ടി കമാണ്ടന്റും ഹാജരായി.

2) പ്രസ്തുത തസ്തികയിലേക്കുള്ള തിരഞ്ഞെടുപ്പ് രണ്ട് ദിവസങ്ങളിൽ നടത്തിയ രണ്ട് പരീക്ഷകളുടെ മാർക്കുകൾ മാനദണ്ഡമാക്കി ഒറ്റ ലിസ്റ്റ് തയ്യാറാക്കി എന്നാണ് എസ്.എ.പി യിലെ എസ്.പി.ഐ.ഒ കമ്മീഷൻ മുമ്പാകെ ധരിപ്പിച്ചത്. ഇത്തരം തിരഞ്ഞെടുപ്പിന് മാനദണ്ഡമാക്കിയ നിയമം വകുപ്പിന്റെ സ്പെഷ്യൽ റൂൾസ് ആണെന്ന് കമ്മീഷനിൽ ഹിയറിംഗിന് നേരിട്ട് ഹാജരായ എസ്.എ.പി. ഡെപ്യൂട്ടി കമാണ്ടന്റ് ശ്രീ. ഷിബു, ജൂനിയർ സൂപ്രണ്ട് ശ്രീ. അജി മാത്യു എന്നിവർ ബോധിപ്പിച്ചു. സ്പെഷ്യൽ റൂൾസിൽ സീനിയോറിറ്റി കണക്കാക്കുന്നതിന് പരിഗണിക്കേണ്ട അടിസ്ഥാന യൂണിറ്റ് ഓരോ ബറ്റാലിയനും ആണെന്ന് മാത്രമേ പ്രസ്താവിച്ച് കാണുന്നുള്ളൂ. എന്നാൽ അതിനുള്ള മാനദണ്ഡം എന്താണെന്നത് സ്പെഷ്യൽ റൂൾസിൽ വ്യക്തമാകുന്നില്ലെന്നാണ് ഡെപ്യൂട്ടി കമാണ്ടന്റിന്റെ അഭിപ്രായം. അതേ സമയം ഈ നിയമനം നടന്ന സമയത്തെ നിയമനാധികാരി തന്റെ വിവേചനാധികാരം പ്രയോഗിച്ചിട്ടുണ്ടാവാം എന്നും ഡെപ്യൂട്ടി കമാണ്ടന്റ് വിശദീകരിച്ചു. എന്നാൽ കമ്മീഷന്റെ വിശദമായ പരിശോധനയിൽ ഇത്തരം നിയമനങ്ങൾക്ക് പോലീസ് ഡിപ്പാർട്ടുമെന്റ് മാനദണ്ഡമാക്കിയിട്ടുള്ള KS&SSR ചട്ടം 27(എ) ആണെന്ന് കാണുന്നു. അപ്രകാരം ഒരു ചട്ടത്തിന്റെ പാലനം ഈ സീനിയോറിറ്റി/നിയമനം കേസിൽ നടന്നിട്ടുണ്ടോ എന്ന് എസ്.എ.പി. പേരൂർക്കട വ്യക്തമാക്കിയിട്ടുമില്ല. ഈ സാഹചര്യത്തിൽ ഹർജിക്കാരനായ ശ്രീ. നസീർഖാൻ ആവശ്യപ്പെട്ടതും ടി നിയമനത്തിന് മാനദണ്ഡമാക്കിയതുമായ രേഖയുടെ പകർപ്പ് ആ കാര്യം വ്യക്തമാക്കിക്കൊണ്ട് ശ്രീ. നസീർഖാന് 2022 സെപ്റ്റംബർ 24-ാം തീയതി

വൈകുന്നേരം 4 മണിക്കകം ലഭ്യമാക്കുവാൻ എസ്.പി.ഐ.ഒ യ്ക്ക് നിർദ്ദേശം നൽകി കൊണ്ട് ഈ അപ്പീൽ ഹർജി കമ്മീഷൻ ഇന്നേ ദിവസം (2022 സെപ്റ്റംബർ മാസം 15-ാം തീയതി) തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)
എ. അബ്ദുൽ ഹക്കീം
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി

vkm